**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2620** **12-10-2021 - ൽ മറുപടിയ്ക്ക്**

**വനിതാ സഹകരണസംഘങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വനിത സഹകരണസംഘങ്ങളുടെ എണ്ണം വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ; | (എ) | സംസ്ഥാനത്ത് 1225 വനിത സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു അവയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത സഹകരണസംഘങ്ങളുടെ പുനരുദ്ധാരണത്തിനും പുനരുജ്ജിവനത്തിനുമായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; നിലവിലുള്ള പദ്ധതികളുടെ വിശദാംശം അറിയിക്കാമോ; | (ബി) | വനിത സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി വാർഷിക പദ്ധതിയിലുൾപ്പെടുത്തി സർക്കാർ ഓഹരി മൂലധനം, പ്രവർത്തന മൂലധന ഗ്രാന്റ് ഇനങ്ങളിലായി സർക്കാർ ധനസഹായം അനുവദിയ്ക്കുന്നു. വനിത സഹകരണ സംഘങ്ങൾക്ക് വിവിധ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഓഹരി ശീർഷകത്തിൽ പരമാവധി 2 ലക്ഷം രൂപയും പ്രവർത്തന മൂലധന ഗ്രാന്റിനത്തിൽ പരമാവധി 5 ലക്ഷം രൂപയും, വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വനിത സഹകരണ സംഘങ്ങൾ സമർപ്പിയ്ക്കുന്ന പദ്ധതികളുടെ അടിസ്ഥാനത്തിൽ പരമാവധി 20 ലക്ഷം രൂപയും (ഓഹരി-8 ലക്ഷം,സബ്സിഡി-12 ലക്ഷം) സർക്കാർ ധനസഹായം അനുവദിയ്ക്കുന്നതാണ്. ടി പ്രവർത്തനങ്ങൾക്കായി 2021-22 വാർഷികപദ്ധതിയിൽ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | പാറശാല മണ്ഡലത്തിലെ കള്ളിക്കാട് വനിതാ സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനത്തിനും കെട്ടിട നിർമ്മാണത്തിനും ആവശ്യമായ സാമ്പത്തിക സഹായം അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ; | (സി) | കള്ളിക്കാട് വനിത സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനത്തിന് സർക്കാർ ധനസഹായത്തിനായി അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം അനുവദിയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെങ്കിൽ സർക്കാർ ധനസഹായം അനുവദിയ്ക്കുന്നതാണ്. വനിത സഹകരണ സംഘങ്ങൾക്ക് കെട്ടിടം നിർമ്മിയ്ക്കുന്നതിന് ധനസഹായം അനുവദിയ്ക്കുന്ന പദ്ധതികൾ നിലവിലില്ലാത്തതിനാൽ സംഘത്തിന് കെട്ടിടനിർമ്മാണത്തിന് ധനസഹായം അനുവദിയ്ക്കാൻ കഴിയില്ല. |
| | | | |

| | | | |
|---|---|---|---|
| (ഡി) | സ്വന്തമായി സ്ഥലമുള്ള സഹകരണസംഘങ്ങൾക്ക് കെട്ടിടം നിർമ്മിച്ച് നൽകുന്നതിനായി ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം അറിയിക്കാമോ? | (ഡി) | സ്വന്തമായി സ്ഥലമുള്ള വനിത സഹകരണ സംഘങ്ങൾക്ക് കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് സഹകരണവകുപ്പിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാന വിഹിതത്തിൽ നിന്നും ധനസഹായം അനുവദിക്കുന്ന പദ്ധതികൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ക്രമ നം. | ജില്ല | പ്രവർത്തിക്കുന്നവ | ഡോർമന്റ് | ലിക്വിഡേഷനിലുള്ളവ | ആകെ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 57 | 56 | 2 | 115 |
| 2 | കൊല്ലം | 56 | 42 | 2 | 100 |
| 3 | പത്തനംതിട്ട | 13 | 4 | 1 | 18 |
| 4 | ആലപ്പുഴ | 17 | 10 | 8 | 35 |
| 5 | കോട്ടയം | 30 | 16 | 1 | 47 |
| 6 | ഇടുക്കി | 36 | 33 | 6 | 75 |
| 7 | എറണാകുളം | 60 | 12 | 1 | 73 |
| 8 | തൃശ്ശൂർ | 93 | 2 | 0 | 95 |
| 9 | പാലക്കാട് | 28 | 17 | 6 | 51 |
| 10 | മലപ്പുറം | 108 | 10 | 0 | 118 |
| 11 | കോഴിക്കോട് | 136 | 7 | 0 | 143 |
| 12 | വയനാട് | 11 | 15 | 6 | 32 |
| 13 | കണ്ണൂർ | 243 | 6 | 3 | 252 |
| 14 | കാസർഗോഡ് | 67 | 4 | 0 | 71 |
| | **ആകെ** | **955** | **234** | **36** | **1225** |